D 73245 (Pages : 2)

Name.........................................

Reg. No.....................................

# FIRST SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2019

(CBCSS–UG)

Malayalam

MAL 1A 07 (3)—MALAYALA BHASHAYUM SAHITHYAVUM – I

(2019 Admissions)

Time : Two Hours and a Half

Maximum : 80 Marks

## Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

ഓരോന്നിനും 2 മാർക്ക് വീതം.

1. "ഒരു ഞൊടി ഒരു ഞൊടി പോരുമന്നരകമെൻ
   പിടരിക്കു ചാടുവാൻ"
   —സൂചിതം വ്യക്തമാക്കുക.
2. "അല്ലിൽ തനിച്ചിവിടെയമ്മ തപസ്സിരിപ്പൂ"—എന്തിന് ?
3. "അതേ വിദ്യ കൊണ്ട് തുടുത്തുദിച്ചവരാണ് നമ്മുടെ നേതൃതാരങ്ങൾ"—വ്യംഗ്യമെന്ത് ?
4. മീരയുടെ പാട്ടിൽ സ്വാതന്ത്ര്യത്തെ അടയാളപ്പെടുത്തുന്നതെങ്ങനെ ?
5. ശിശുവിലിരിക്കുന്ന ജാഡ്യതയെ ഉൽഫുല്ലതയാക്കി മാറ്റേണ്ടതെങ്ങനെയെന്നാണ് നിത്യചൈതന്യയതി പറയുന്നത് ?
6. "നശിപ്പിച്ചവരാണല്ലോ യഥാർത്ഥത്തിൽ നിരാശപ്പെടേണ്ടത്"—ആരുടെ വാക്കുകൾ ? എന്താണ് നശിപ്പിച്ചത് ?
7. അച്ഛന് വേണ്ടാംകടിയോട് ദേഷ്യവും വെറുപ്പും തോന്നാനുള്ള കാരണമെന്ത് ?
8. "ഞങ്ങൾ ഞങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിച്ചത് നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെയും പഠിപ്പിക്കുക" — എന്താണ് ആ പാഠം ?
9. അമേരിക്കൻ സാഹിത്യത്തെക്കുറിച്ച് ലോലയുടെ നിലപാടെന്ത് ?
10. ഒരു കലാസൃഷ്ടി പൂർണമായിത്തീരുന്നതെപ്പോഴാണ് ?
11. സരള താമസിച്ചിരുന്ന കെട്ടിടത്തിന്റെ പിൻവശത്തെ വാതിലുകൾ തുറക്കാതിരുന്നതെന്തു കൊണ്ട് ?
12. "ഓരോ കിണ്ണത്തിലും ഓരോ മക്കളാണ്. ഓരോ കിണ്ണവും ഓരോ മക്കളാണ്"—വിവക്ഷ യെന്ത് ?
13. "ഈ ഇരുപതാം നൂറ്റാണ്ടിലും അതേ ദയനീയകാഴ്ച തന്നെയാണ് ആഫ്രിക്കയിൽ നാം കാണുന്നത്"—ഏതു കാഴ്ച ?
14. "അതാണു ശരിയായ കാപ്പിരി സ്വഭാവം"—എന്താണിവിടെ സൂചിപ്പിക്കുന്നത് ?
15. "ബഒബാബ് വൃക്ഷ"ത്തെക്കുറിച്ച് കാപ്പിരികൾ പുലർത്തുന്ന വിശ്വാസമെന്ത് ?

(Maximum Marks = 25)

Turn over

Scanned with CamScanner

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

ഓരോന്നിനും 5 മാർക്ക് വീതം.

16. "ഇരുള്ളു ചുറ്റിലുമറിയാതായ് വെവ്വേറെ
    ത്തളിരും മലരും കരിയിലയും"
    —ആശയം വിശദമാക്കുക.

17. "ആരുണ്ടലിഞ്ഞുമിഴിനീരൊടു കാത്തുകൊള്ളാ-
    നാരുണ്ടു ദൈവവുമൊരമ്മയുമെന്നി മന്നിൽ"
    —സന്ദർഭവും സാരസ്യവും വിശദമാക്കുക.

18. "രക്തത്തിലലിഞ്ഞു ചേർന്ന എന്തോ ഒന്ന് സരളയിൽ പിടഞ്ഞുണർന്നു"—വിവക്ഷയെന്ത് ?

19. "അയാളുടെ ആർത്തി ഭൂമിയെ വിഴുങ്ങുകയും ഒരു മരുഭൂമിയെ മാത്രം അവശേഷിപ്പിക്കുകയും ചെയ്യും "—ഈ ഉത്ക്കണ്ഠയുടെ വ്യാപ്തി വിശദീകരിക്കുക.

20. ആറാമത്തെ കുഞ്ഞിന്റെ പേരു വിളിച്ച സന്ദർഭം വേണ്ടാംകടി എന്ന കഥയിൽ അവതരിപ്പിക്കുന്നതെങ്ങനെ ?

21. "എങ്കിൽ എന്നെ ഇപ്പോൾ തന്നെ അങ്ങു കൊല്ലരുതോ"—ആരുടെ വാക്കുകൾ ? ഏതു സന്ദർഭത്തിലാണ് ഇതു പറയുന്നത് ?

22. വിക്ടോറിയ വെള്ളച്ചാട്ടത്തിന്റെ ദൃശ്യാനുഭവം എസ്.കെ. പൊറ്റെക്കാട്ട് പകർത്തുന്നതെങ്ങനെ ?

23. പോർത്തുഗീസുകാരുടെ ബ്രിട്ടീഷ് വൈരം എസ്.കെ. പൊറ്റെക്കാട്ടിനു നേരിട്ടു ബോധ്യപ്പെട്ട സന്ദർഭം വിവരിച്ചിരിക്കുന്നതെങ്ങനെ ?

(Maximum Marks = 35)

## Section C

ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക.

ഓരോന്നിനും 10 മാർക്ക് വീതം.

24. സ്ത്രീജീവിതങ്ങളുടെ ദുരന്തത്തെ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്ന സാഹിത്യരചനകളാണ് 'വേണ്ടാംകടി'യും 'കൊല്ലേണ്ടതെങ്ങനെ'യും—സമർത്ഥിക്കുക.

25. മുറിവേൽക്കപ്പെടുന്ന സ്ത്രീജന്മത്തിന്റെ വിസ്മയചിഹ്നങ്ങളാണ് അഷിതയുടെ കഥകൾ-ചർച്ച ചെയ്യുക.

26. സഞ്ചാര സാഹിത്യരചനയിലുള്ള എസ്.കെ. പൊറ്റെക്കാട്ടിന്റെ കൃതഹസ്തത, ആഫ്രിക്കൻ പ്രകൃതിയും ആഫ്രിക്കൻ ജനതയുടെ ജീവിതചിത്രവും ആലേഖനം ചെയ്യുന്നതിൽ എത്രത്തോളം വിജയം കൈവരിച്ചു വെന്ന് വിശദമാക്കുക.

27. സിയാറ്റിൽ മൂപ്പന്റെയും പൊക്കുടന്റെയും പ്രകൃതി സ്നേഹത്തിന്റെ വ്യാപ്തി വിശദമക്കുക.

(2 × 10 = 20 marks)

Scanned with CamScanner